# പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **15.05.2017-ന് മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 3723**

## ഏറനാട് മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതികൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.പി.കെ.ബഷീർ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ച പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; ഒന്നാംഘട്ടത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന സ്കൂളുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം സംരക്ഷിക്കാനായി സർക്കാർ താഴെപ്പറയുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1) ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.

2) ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.

3) എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

4) 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകും. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകും. അടുത്ത 1 വർഷം കൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും

ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

ഒന്നാമത്തെ കർമ്മ പദ്ധതിയായ ആയിരം സ്കൂളുകളെ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ വിവിധ നിയോജക മണ്ഡലങ്ങളിലെ 40 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങയായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം 37 സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ പദ്ധതി നിർവ്വഹണത്തിനാവശ്യമായ ധനസഹായം ലഭ്യമാക്കുന്ന തിനായി 'കിഫ്ബി' പോർട്ടലിൽ അപ്ലോഡ് ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. രണ്ടാമത്തെ കർമ്മ പദ്ധതിയായ ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കുന്ന പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി 4 നിയോജക മണ്ഡലങ്ങളിൽ പദ്ധതി നിർവ്വഹണം നടത്തിവരുന്നു. മൂന്നാമത്തെ കർമ്മ പദ്ധതിയായ എൽ.പി., യു.പി. സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി സ്കൂളുകളെ തെരഞ്ഞെടുക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. നാലാമത്തെ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട സ്കൂളുകളെ തെരഞ്ഞെടുക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു.

അദ്ധ്യാപക ശാക്തീകരണത്തിനായി കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായ അദ്ധ്യാപക പരിശീലന പരിപാടികളും നടന്നുവരുന്നു.

(ബി) ജൈവവൈവിധ്യ ഉദ്യാനം, ലാബ് നവീകരണം, മികവിന്റെ കേന്ദ്രം, യു.പി. സ്കൂൾ നവീകരണം, രണ്ട് എൽ.പി. സ്കൂൾ നവീകരണം, അടിസ്ഥാന സൗകര്യവികസനം ഇവയിൽ ഏറനാട് മണ്ഡലത്തിൽ നിന്നും ഉൾപ്പെടുത്തിയ സ്കൂളുകൾ ഏതെല്ലാമാണ്; പ്രസ്തുത സ്ക്കൂളുകളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വ്യക്തമാക്കുമോ;

(ബി) ലബോറട്ടറി നവീകരണം, യു.പി. സ്കൂൾ നവീകരണം, രണ്ട് എൽ.പി. സ്കൂൾ നവീകരണം തുടങ്ങിയ പ്രവർത്തികൾക്കായുള്ള സ്കൂൾ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിക്കുന്നു.
ഏറനാട് നിയോജക മണ്ഡലത്തിൽ നിന്നും മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് പരിഗണിച്ചിട്ടുള്ളത് ഗവ.ഹയർ സെക്കന്ററി സ്കൂൾ കുഴിമണ്ണയും ജൈവവൈവിധ്യ ഉദ്യാനം സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത് ഗവ.ഹൈസ്കൂൾ വടശ്ശേരിയുമാകുന്നു.

(സി) ഓരോന്നിനും ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(സി) വിവിധ സ്കൂളുകളുടെ ബന്ധപ്പെട്ട പ്രവർത്തികളുടെ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

## *List of Schools*

1. Peralasssery, AKG SG Higher Secondary School, Dharmadam
2. Kazhakoottam Govt. H.S.S
3. Meppayur Govt. H.S.S
4. Peroor Meenakshi Vilasam Govt. V.H.S.S
5. Ambalappuzha Govt. H.S.S
6. Patyam Govt. H.S.S
7. Kadavallur Govt. H.S.S
8. Kalavur Govt. H.S.S
9. Purathur Govt. H.S.S
10. Kakkat Govt. H.S.S
11. Thrissur Govt. Model B.H.S.S
12. Cherthala Govt. H.S.S
13. Kuravathur Payyambra Govt. H.S.S
14. Thottada Govt. H.S.S
15. Mudhakal, Ilampa GHSS, Mudakkal
16. Harippad Govt. Girls H.S.S
17. Vengara Govt. Boys V.H.S.S
18. Parappanangady Neduva Govt. H.S.S
19. Pala Mahatma Gandhi Govt. H.S.S
20. Vettikkavala Govt. Model H.S.S
21. Mundakkayam Murukkumvayal Govt. H.S.S
22. Chittur Govt. B.H.S.S
23. Njarakkal Govt. H.S.S
24. Kidangara Govt. H.S.S
25. Kongarappalli Govt. H.S
26. Thevalakkara Govt. H.S.S
27. Chathamangalam R.E.C. Govt. H.S.S
28. Naduvannur Govt. H.S.S
29. Kozhikode Medical College Campus Govt. H.S.S
30. Thanur Devathar Govt. H.S.S
31. Vaikom G Boys HS
32. Varkala Govt. H.S.S
33. Chalakkudy Govt. V.H.S.S
34. Mananthavady Govt. V.H.S.S
35. Kalpetta Govt. V.H.S.S
36. Nannamukku Mookkuthala P.C.N. Govt. H.S.S
37. Ilappulli G.A.P. H.S.S